LIBRARY ARCHIVES Kerala Legislative Assembly

## വയലാറിൽ ഐ.റ്റി.ഐ

69 (5474) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ വയലാറിൽ അനുവദിച്ചിരിക്കുന്ന ഐ.ടി.ഐ.-യിൽ ഈ അദ്ധ്യായനവർഷം ക്ലാസ് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ ;

(ബി) ഏതൊക്കെ ട്രേഡുകളാണവിടെ നൽകിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ; വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) വയലാർ ഉൾപ്പെടെ ബജറ്റിൽ പ്രഖ്യാപിച്ച എല്ലാ ഐ.ടി.ഐ. കളും ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ട്രെയിനിംഗ് ഡയറക്ടറിൽനിന്നും ലഭ്യമായിട്ടുണ്ട്. ജൂലൈ 2010-ലെ സപ്ലിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ ഇതിനുള്ള തുക ടോക്കൺ ആയി അനുവദിച്ചിട്ടുണ്ട്. ഈ വർഷംതന്നെ ക്ലാസ്സ് ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) മെക്കാനിക് റഫ്രിജറേഷൻ ആന്റ് എയർ കണ്ടീഷനിംഗ്, ഡ്രാഫ്റ്റ്സ്മാൻ സിവിൽ എന്നീ രണ്ടു ട്രേഡുകൾ ആരംഭിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇവ രണ്ടും പത്താംതരം വിജയിച്ചവർക്കുള്ള ദ്വിവത്സര മെട്രിക് എഞ്ചിനീയറിംഗ് ട്രേഡുകളാണ്.

## കയ്യൂർ ഐ.റ്റി.ഐ

70 (5475) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയ്യൂർ ഐ.ടി.ഐ.-യിൽ എന്തെല്ലാം സൗകര്യങ്ങളാണ് വകുപ്പ് മുഖേന ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 23-9-2006-ലെ സ.ഉ. (എം എസ്) നമ്പർ 59/2006/തൊഴിൽ പ്രകാരം കയ്യൂർ ഗവൺമെന്റ് ഐ.ടി.ഐ. മാതൃകാ ഐ.ടി.ഐ.ആയി ഉയർത്തുകയുണ്ടായി. ഇതുവഴി മൂന്ന് ദീർഘകാല കോഴ്സുകളുടെയും മൂന്ന് ഹ്രസ്വകാല കോഴ്സുകളുടെയും രണ്ട് യൂണിറ്റുകൾ വീതം പുതിയതായി ആരംഭിക്കുകയും 14 തസ്തികകൾ അനുവദിക്കുകയും ചെയ്തു. ഇതിന്റെ ഫലമായി പ്രതിവർഷം 340 പേർക്ക് കൂടുതലായി ട്രെയിനിംഗിന് അവസരം ലഭിക്കും.